# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | V.SUDHEER KUMAR |
| | 9447083300 | 9447303578 | 7012655030 |


No. KEEC/GL/2023/52

തിരുവനന്തപുരം
20.9.2023

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) ക്ക് ചീഫ് എഞ്ചിനീയർ (HRM) ന്റെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ഞങ്ങളുടെ സംഘടനയിൽപ്പെട്ട 2 സീനിയർ അസിസ്റ്റന്റുമാരെ പോസ്റ്റ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : 1. 647/11/12.01.2011 ലേബർ കമ്മീഷണറുടെ കത്ത്.
2. ലേബർ കമ്മീഷണറുടെ 8.5.2012 ലെ കത്ത്.
3. INTUC അഫിലിയേഷൻ സർട്ടിഫിക്കറ്റ്
4. PS-I/2615/2006/492/4.6.2011
5. ഉത്തരവ് നമ്പർ LCO/2225/2022-IR(5)/3/04/2022 of Labour Commissioner.
6. ഉത്തരവ് നമ്പർ LCO/1225/2022/IR(6)/20.4.2022 of Labour Commissioner.
7. ഞങ്ങൾ No. KEEC/GL/2023/14 പ്രകാരം 20.01.2023 ന് ചീഫ് പേഴ്സണൽ ഓഫീസർക്ക് നൽകിയ കത്ത്.

കെ.എസ്.ഇ.ബി ജീവനക്കാരെ സംബന്ധിച്ച എല്ലാ പ്രധാന കാര്യങ്ങളും നടത്തുന്നത് ബഹു.ചീഫ് എഞ്ചിനീയർ (HRM) ന്റെ ഓഫീസ് ആണല്ലോ. ജീവനക്കാരുടെ ട്രാൻസ്ഫർ, പ്രമോഷൻ, NOC തുടങ്ങിയ പ്രധാന വിഷയങ്ങൾ എല്ലാം അങ്ങയുടെ ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിലൂടെയാണല്ലോ നടക്കുന്നത്. ആയതുകൊണ്ട് തന്നെ ഭരണമാറ്റം വരുമ്പോൾ, ഭരിക്കുന്ന പാർട്ടിയുമായി ബന്ധപ്പെട്ട സംഘടന നിർദേശിക്കുന്ന സീനിയർ അസിസ്റ്റന്റുമാരെയാണ് അവിടെ സെക്ഷനിൽ നിയമിക്കാറുള്ളത്. എന്നാൽ പ്രതിപക്ഷ ബഹുമാനം മുൻനിർത്തി പ്രതിപക്ഷ ട്രേഡ് യൂണിയനിൽ പെട്ടവരേയും ഇരുത്താറുണ്ട്. ഒന്നോ അതിൽ കൂടുതലോ പേരെ ഇരുത്താറുണ്ട്. ഞങ്ങൾ പ്രതിനിധാനം ചെയ്യുന്ന സംഘടനയിലെ അംഗങ്ങൾക്ക് എല്ലാ വിഷയങ്ങളേക്കുറിച്ചും ഒരു അറിവ് ലഭിക്കുന്നതിന് ഇത് പ്രയോജനപ്പെടുന്നതുമാണ്.

കെ.എസ്.ഇ.ബി യിലെ ഏക പ്രതിപക്ഷ സംഘടനയായ കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) മാത്രമാണ് കെ.എസ്.ഇ.ബി യിലെ എല്ലാ വിഷയങ്ങളിൽ ഇടപെടുന്നതും പ്രയോഗിക തീരുമാനങ്ങൾ എടുക്കുന്നതുമായ സംഘടന. കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) നേതൃത്വം നൽകിയ യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് ആണ് 2015 ലെ റഫറണ്ടത്തിൽ അംഗീകാരം നേടിയതും 2022 ലെ റഫറണ്ടത്തിൽ 14.9% വോട്ട് നേടിയതും. ഇത് സംബന്ധിച്ച ഏതാനും ചില ബോർഡ് ഉത്തരവുകളും രേഖകളും അങ്ങയുടെ മുമ്പാകെ സമർപ്പിക്കുന്നു.

കെ.എസ്.ഇ.ബി യിലെ INTUC അഫിലിയേറ്റഡ് സംഘടന ഏതാണെന്ന് കെ.എസ്.ഇ.ബി ക്ക് ലേബർ കമ്മീഷണർ 2011 ൽ കത്ത് നൽകിയിരുന്നു. (പ്രസിഡന്റ് കെ.പി.ധനപാലൻ Ex.MP, ജനറൽ സെക്രട്ടറി എം.എസ്.റാവുത്തർ, ട്രഷറർ സിബിക്കുട്ടി ഫ്രാൻസിസ്) ഇപ്പോഴും കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) യുടെ പ്രസിഡന്റ് കെ.പി.ധനപാലൻ Ex.MP തന്നെ. എം.എസ്.റാവുത്തർ മരണപ്പെട്ടതും, സുധീർകുമാർ.വി ഇപ്പോൾ ജനറൽ സെക്രട്ടറിയുമാണ്. അന്നത്തെ ട്രഷറർ സിബിക്കുട്ടി ഫ്രാൻസിസ് ഇപ്പോൾ വർക്കിംഗ് പ്രസിഡന്റും നസീർ.എം ട്രഷററുമാണ്. ലേബർ കമ്മീഷണറുടെ കത്തും കെ.എസ്.ഇ.ബി യിലെ രജിസ്ട്രേഡ് സംഘടനകളുടെ അഡ്രസ്സ് അടങ്ങിയ ലിസ്റ്റും, INTUC അഫിലിയേഷൻ സർട്ടിഫിക്കറ്റ് (സൂചന 1, സൂചന 2, സൂചന 3) പ്രകാരവും കെ.പി.ധനപാലൻ Ex.MP, എം.എസ്.റാവുത്തർ, സിബിക്കുട്ടി ഫ്രാൻസിസ് എന്നിവരാണ് KSEB യിലെ INTUC യുടെ ഉത്തരവാദിത്വപ്പെട്ട ഭാരവാഹികൾ എന്ന് ബോർഡ് ഉത്തരവ് ഇറക്കിയിരുന്നു (സൂചന 4).

2022 ലെ ഹിത പരിശോധനയിൽ മത്സരിക്കാൻ ബഹു.ഹൈക്കോടതി നിർദ്ദേശ പ്രകാരം ലേബർ കമ്മീഷ്ണർ ഞങ്ങളെ കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ Title ൽ മത്സരിക്കാൻ അനുവദിച്ചു (സൂചന 5).

റഫറണ്ടത്തിൽ ജനാധിപത്യ കക്ഷികൾ ഒന്നായി മത്സരിക്കണമെന്ന കെ.പി.സി.സി നിർദ്ദേശ പ്രകാരം ഞങ്ങൾ യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് ആയി നമ്പർ 5 ൽ മത്സരിച്ചു. യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ടിന്റെ മുഖ്യ കക്ഷിയായ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ടിന് പിന്തുണ നൽകിക്കൊണ്ട് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡഷന്റെ പേരിലുള്ള നോമിനേഷൻ പിൻവലിച്ചു (സൂചന 6).

മേൽ വിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് ചീഫ് എഞ്ചിനീയർ (HRM) ന്റെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ പ്രതിപക്ഷ സംഘടനയായ ഞങ്ങൾളുടെ 2 സീനിയർ അസിസ്റ്റന്റുമാരെ പോസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സൂചന 1 മുതൽ 6 വരെയുള്ള വിവിധ ഉത്തരവുകൾ സൂചന 7 പ്രകാരം 20.01.2023 ന് സമർപ്പിച്ചിട്ടുള്ളതാണ്.**

**എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ഞങ്ങളുടെ പ്രതിനിധികളായി നിർദ്ദേശിക്കുന്ന പേരുകൾ താഴെ ചേർക്കുന്നു**

1. **Anand.K, 1064699, O/o the Secretary**
2. **Anil Kumar.M, 1067151, O/o the CIA**
3. **Unnikrishnan, 1066302, O/o the FA**

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |